7. കേരളാ സ്റ്റേറ്റ് ഇലക്ട്രോണിക്-ഡെവലപ്:കോർപ്പ് ലിമിറ്റഡ് - ഡയറക്ടർ (ഫിനാൻസ്).

(സി)&(ഡി) പൊതുമേഖലാ സ്ഥാപനങ്ങളിലെ എം.ഡി./ചീഫ് എക്സിക്യൂട്ടീവ് തസ്തികകളിലേക്കുള്ള നിയമനം കരാർ അടിസ്ഥാനത്തിലോ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിലോ ആണ് നടത്തുന്നത്. ഇവർ അതാതു സ്ഥാപനത്തിലെ റഗുലർ കേഡറിൽപ്പെട്ട ജീവനക്കാർ അല്ലാത്തതിനാൽ ഇവരുടെ നിയമനങ്ങളിൽ സംവരണതത്വം പാലിക്കാറില്ല.

സംസ്ഥാനത്തെ പൂട്ടിക്കിടക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങൾ

29 (2826) ശ്രീ. കെ.പി. രാജേന്ദ്രൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് പൂട്ടിക്കിടക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങൾ ഏതെല്ലാം; ഈ സ്ഥാപനങ്ങളിലെ തൊഴിലാളികൾക്ക് പകരം തൊഴിൽ നൽകിയിട്ടുണ്ടോ; നൽകിയ ആനുകൂല്യങ്ങൾ എന്തെല്ലാം;

(ബി) പൊതുമേഖലാ സ്ഥാപനങ്ങളിലെ ഉയർന്ന ഉദ്യോഗസ്ഥരുടെ നിയമനത്തിന് ഇന്ന് തുടർന്നുവരുന്ന നടപടികൾ എന്താണെന്ന് അറിയിക്കുമോ ?

ഉത്തരം

(എ) സംസ്ഥാനത്ത് പൂട്ടിക്കിടക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങളുടെ പേര് വിവരം അടങ്ങിയ സ്റ്റേറ്റ്മെന്റ് അനുബന്ധമായി വച്ചിട്ടുണ്ട്. [†]ചാലക്കുടി റിഫ്രാക്ടറീസ്. കേരള പ്രീമോപൈപ്പ് ഫാക്ടറി, കെൽട്രോൺ പവർ ഡിവൈസസ് എന്നിവയിലെ ബഹുഭൂരിപക്ഷം തൊഴിലാളികളും വാളണ്ടറി റിട്ടയർമെന്റ് പദ്ധതിപ്രകാരം പിരിഞ്ഞുപോയിട്ടുള്ളവരാണ്. കെൽട്രോൺ പവർ ഡിവൈസസിലെ വാളണ്ടറി റിട്ടയർമെന്റ് സ്കീം ഓപ്റ്റ് ചെയ്യാത്ത ജീവനക്കാർക്ക് പകരം തൊഴിൽ നൽകിവരുന്നു. ബാക്കിയുള്ള കമ്പനികളുടെ വിശദവിവരം ശേഖരിച്ചു നൽകുന്നതാണ്.

(ബി) ചീഫ് എക്സിക്യൂട്ടീവ്, ഫംഗ്ഷണൽ ഡയറക്ടർ ഒഴികെയുള്ള ഉദ്യോഗസ്ഥന്മാരെ നിയമിക്കുന്നത് അതാത് സ്ഥാപനങ്ങൾ തന്നെയാണ്. ഓരോ തസ്തികയും ഫീഡർ തസ്തികകൾ ഉണ്ടെങ്കിൽ അതിൽ നിശ്ചിത യോഗ്യതയുള്ളവരെ പ്രൊമോഷൻമൂലവും അല്ലെങ്കിൽ നേരിട്ടുമാണ് നിയമിക്കുന്നത്. സർക്കാർ മാർഗ്ഗനിർദ്ദേശപ്രകാരം പ്രൊമോഷൻ നൽകേണ്ടത് മെറിറ്റിന്റെയും സീനിയോറിറ്റിയുടെയും അടിസ്ഥാനത്തിലാണ്. പ്രൊമോഷനുള്ള പാനൽ തയ്യാറാക്കുന്നത് 3-ൽ കുറയാത്ത അംഗങ്ങളുള്ള ഡയറക്ടർ ബോർഡിന്റെ സബ് കമ്മറ്റിയാണ്. ആർട്ടിക്കിൾസ് ഓഫ് അസോസിയേഷൻ അനുശാസിക്കുന്ന നിയമനങ്ങൾക്ക് ഗവൺമെന്റിന്റെ അനുമതിയും നേടേണ്ടതാണ്. നേരിട്ടുള്ള നിയമനമാണെങ്കിൽ ഒഴിവുകൾ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിനെ അറിയിക്കുകയും എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ നിന്നും പത്രപരസ്യംമൂലവും കിട്ടുന്ന അപേക്ഷകളിൽ നിന്നുവേണം നിയമനം നടത്തുവാൻ. നിയമനം നടത്തുന്നത് ബോർഡ് ഓഫ് ഡയറക്ടർസിന്റെ 3-ൽ കുറയാത്ത അംഗങ്ങളുള്ള കമ്മിറ്റിയുടെ തീരുമാന പ്രകാരമായിരിക്ക

[†] അനുബന്ധം V

LIBRARY ARCHIVES Kerala Legislative Assembly

ണം. നേരിട്ടുള്ള നിയമനങ്ങളിൽ ഗവൺമെന്റ് നിർദ്ദേശിച്ചിട്ടുള്ള സംവരണ തത്വം പാലിക്കേണ്ടതാണ്.

വ്യവസായ വായ്പ തിരിച്ചടയ്ക്കുന്നതിനുള്ള വ്യവസ്ഥകൾ

30 (2827)ശ്രീ. കെ.ടി. കുഞ്ഞഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വ്യവസായ വായ്പ വാങ്ങി തിരിച്ചടയ്ക്കാൻ കഴിയാതിരിക്കുന്ന എത്ര ചെറുകിട വ്യവസായ സംരംഭകർ 31.3.'99 വരെ സംസ്ഥാനത്ത് ഉണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) ഇവർക്ക് ഏതുവിധത്തിലുള്ള ആശ്വാസം നൽകാനാണ് ഗവൺമെന്റ് ഉദ്ദേശിക്കുന്നത്;

(സി) ഗവൺമെന്റിൽ നിന്ന് ചെറുകിട വ്യവസായ സംരംഭകർ എടുത്തിട്ടുള്ള വായ്പ പൂർണ്ണമായി തിരിച്ചടയ്ക്കുകയും പലിശ മാത്രം ബാക്കിയാവുകയും ചെയ്തിട്ടുള്ളവരുടെ കാര്യത്തിൽ പലിശ ഇളവുചെയ്ത് ഇവരെ കടത്തിൽ നിന്നും രക്ഷിക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ജില്ലകളിൽ നിന്നും വിവരം ശേഖരിച്ചു നൽകുന്നതാണ്.

(ബി)&(സി) പൊതുവായ പദ്ധതികളൊന്നും നിലവിലില്ല. എന്നാൽ പലിശ ഇളവുചെയ്യണമെന്ന അപേക്ഷകൾ സർക്കാരിനു ലഭിക്കാറുണ്ട്. ഇതി പരിശോധിച്ച് ഇളവ് അനുവദിക്കേണ്ടത് ആവശ്യമാണ് എന്നു ബോദ്ധ്യമാകുന്ന കേസ്സുകളിൽ മാത്രം സർക്കാർ ഇളവനുദിക്കാറുണ്ട്.

ടി.സി.സി.യുടെ ഉടമസ്ഥതയിലുള്ള ഭൂമി

31 (2828)ശ്രീ. കെ. മുഹമ്മദാലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഏലൂർ ടി.സി.സി. യുടെ ഉടമസ്ഥതയിലുള്ള ഭൂമി ഏതെങ്കിലും വൈദ്യുതി പ്രോജക്ടിനുവേണ്ടി നൽകിയിട്ടുണ്ടോ; എങ്കിൽ ആർക്കാണ് നൽകിയത്;

(ബി എന്ത് വ്യവസ്ഥകളുടെ അടിസ്ഥാനത്തിലാണ് ഭൂമിനൽകിയിട്ടുള്ളത്;

(സി) ഈ പ്രോജക്ടിൽ ഉൽപ്പാദിപ്പിക്കപ്പെടുന്ന വൈദ്യുതിയിൽ നിന്നും കുറഞ്ഞ നിരക്കിൽ ടി.സി.സി.യ്ക്ക് വൈദ്യുതി ലഭ്യമാക്കുവാൻ വ്യവസ്ഥ ചെയ്തിട്ടുണ്ടോ;

(ഡി) ഈ പ്രോജക്ടിലെ ഗവൺമെന്റ് പങ്കാളിത്തം എന്തെന്ന് വ്യക്തമാക്കുമോ;

(ഇ) കമ്പനിവക ഭൂമി പ്രോജക്ടിന് നൽകിയതുമൂലം ടി.സി.സി.യ്ക്ക് ഉണ്ടാകുന്ന നേട്ടം എന്താണെന്ന് വെളിപ്പെടുത്തുമോ?

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം V

16/07/99-ലെ നക്ഷത്രചിഹ്നമിടാത്ത 29 (2826)-ാം നമ്പർ ചോദ്യത്തിന്റെ ഉത്തരം കാണുക

LIST OF UNDERTAKINGS WHICH WERE DEFUNCT

1. Chalakkudy Refractories Ltd
2. Kerala Premo Pipe Factory Ltd.
3. Kerala State Salicylates & Chemicals Ltd.
4. Kerala State Wood Industries Ltd.
5. Keltron Power Devices Ltd.
6. Kerala State Coconut Development Corporation Ltd.
7. Sidco Mohan Kerala Ltd.

അനുബന്ധം VI (a)

16.7.99-ലെ നക്ഷത്രചിഹ്നമിടാത്ത 61 (2858)-ാം നമ്പർ ചോദ്യത്തിന്റെ ഉത്തരം കാണുക.

ജില്ല തിരിച്ചുള്ള കണക്ക്

ജില്ല	നൽകിയ പട്ടയം
തിരുവനന്തപുരം	56
കൊല്ലം	5030
പത്തനംതിട്ട	5110
ആലപ്പുഴ	7383
കോട്ടയം	8116
ഇടുക്കി	813 (1998-99 വർഷത്തിൽ നൽകിയത്)
എറണാകുളം	8065
തൃശ്ശൂർ	9347
പാലക്കാട്	5322
കോഴിക്കോട്	വിവരം ലഭിച്ചിട്ടില്ല
വയനാട്	1250
മലപ്പുറം	5913
കണ്ണൂർ	4549
കാസർഗോഡ്	1830
	62.784

അനുബന്ധം VI (b)

ജില്ല	നൽകാനുള്ള ആളുകളുടെ എണ്ണം
തിരുവനന്തപുരം	56
കൊല്ലം	392

LIBRARY ARCHIVES Kerala Legislative Assembly

പത്തനംതിട്ട	125
ആലപ്പുഴ	84
കോട്ടയം	100
ഇടുക്കി	241
എറണാകുളം	304
തൃശ്ശൂർ	153
പാലക്കാട്	332
കോഴിക്കോട്	വിവരം ലഭിച്ചിട്ടില്ല
വയനാട്	ഇനി ബാക്കി ഇല്ല
മലപ്പുറം	66
കണ്ണൂർ	230
കാസർഗോഡ്	27
	2107

അനുബന്ധം VII

16.7.99-ലെ നക്ഷത്രചിഹ്നമിടാത്ത 99(2897)-ാം നമ്പർ ചോദ്യത്തിന്റെ ഉത്തരം കാണുക.

1	കേരള പഞ്ചായത്ത് രാജ്	(സേവന നികുതി) ചട്ടങ്ങൾ
2	കേരള പഞ്ചായത്ത് രാജ്	(പ്രദർശന നികുതി ചുമത്തലും ഈടാക്കലും) ചട്ടങ്ങൾ
3	കേരള പഞ്ചായത്ത് രാജ്	(വസ്തു കൈമാറ്റ നികുതി) ചട്ടങ്ങൾ
4	കേരള പഞ്ചായത്ത് രാജ്	(ഇറക്ക് സ്ഥലങ്ങൾ, വിരാമ സ്ഥലങ്ങൾ മറ്റ് വാഹന സ്റ്റാന്റുകൾ)
5	കേരള പഞ്ചായത്ത് രാജ്	(തൊഴിൽ നികുതി) ചട്ടങ്ങൾ
6	കേരള പഞ്ചായത്ത് രാജ്	(കരാർ) ചട്ടങ്ങൾ
7	കേരള പഞ്ചായത്ത് രാജ്	(ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ
8	കേരള പഞ്ചായത്ത് രാജ്	(സാധാരണവും അംഗീകൃതവുമായ യാദൃശ്ചിക ചെലവ്) ചട്ടങ്ങൾ
9	കേരള പഞ്ചായത്ത് രാജ്	(പ്രസിഡന്റിന്റെയും സെക്രട്ടറിയുടെയും ഒപ്പുകളുടെ മുദ്ര ഉപയോഗിക്കൽ) ചട്ടങ്ങൾ
10	കേരള പഞ്ചായത്ത് രാജ്	(നികുതി നിർണ്ണയവും ഈടാക്കലും അപ്പീലും) ചട്ടങ്ങൾ
11	കേരള പഞ്ചായത്ത് രാജ്	(നീരുറവകൾ, കുളങ്ങൾ, കിണറുകൾ തുടങ്ങിയവയുടെ ഉപയോഗം സംബന്ധിച്ച്) ചട്ടങ്ങൾ
12	കേരള പഞ്ചായത്ത് രാജ്	(അനാഥപ്രേതങ്ങളും മൃഗങ്ങളുടെ ശവ

LIBRARY ARCHIVES Kerala Legislative Assembly